# തയ്യൽ തൊഴിലാളി ക്ഷേമനിധി ആനുകൂല്യ വിതരണം

തിരുവനന്തപുരം

19.11.2008

തയ്യൽ തൊഴിലാളികളുടെ വർദ്ധിപ്പിച്ച ആനുകൂല്യങ്ങളുടെ സംസ്ഥാനതല വിതരണോദ്ഘാടനം ഏറെ സന്തോഷത്തോടെ നിർവഹിച്ചതായി അറിയിക്കുന്നു.

തയ്യൽതൊഴിലാളി ക്ഷേമനിധി പദ്ധതി ആരംഭിച്ചിട്ട് പതിമൂന്ന് വർഷം തികഞ്ഞിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ അഞ്ച് ലക്ഷത്തോളം വരുന്ന തയ്യൽക്കാർക്ക് ആശ്വാസമേകുന്നതിന് മാതൃകാപരമായി പ്രവർത്തിക്കാൻ ഈ ക്ഷേമനിധി ബോർഡിന് ഏറെക്കുറെ കഴിഞ്ഞിട്ടുണ്ട്. പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ സഹായം, പ്രസവാനുകൂല്യം എന്നിങ്ങനെ വിവിധ ഇനങ്ങളിൽ ക്ഷേമനിധി ബോർഡിൽ നിന്നും നൽകുന്ന സഹായ ധനം പരിഷ്ക്കരിക്കണമെന്ന ആവശ്യമുയരാൻ തുടങ്ങിയിട്ട് വർഷ ങ്ങളായി. ഇപ്പോൾ അക്കാര്യത്തിൽ അനുകൂലമായ തീരുമാനമുണ്ടാ യിരിക്കുന്നു. മിനിമം പെൻഷൻ നൂറിൽ നിന്ന് ഇരുന്നൂറ് രൂപയായും വിവാഹ ധനസഹായം ആയിരത്തിൽ നിന്ന് രണ്ടായിരമായും പ്രസവധനസഹായം ആയിരത്തിൽ നിന്ന് രണ്ടായിരമായും വർദ്ധി പ്പിച്ചിരിക്കുന്നു. വിദ്യാഭ്യാസത്തിനുള്ള ധനസഹായവും ഗണ്യമായി വർദ്ധിപ്പിച്ചിരിക്കുന്നു. എന്നാൽ ഈ വർധനയും പര്യാപ്തമാണെന്ന് സർക്കാരിനഭിപ്രായമില്ല. എന്നാൽ ക്ഷേമനിധി ബോർഡിന്റെ

സാമ്പത്തികസ്ഥിതി ഇതിലപ്പുറം പോകാൻ തൽക്കാലം അനുവദിക്കുന്നില്ല. എന്നാൽ ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യം കുറേക്കൂടി വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നതാണ്. അതേ സമയം അംശദായം അല്പംകൂടി വർദ്ധിപ്പിച്ച് ധനസഹായം ഉയർത്താനുള്ള സാധ്യത കൂടി പരിശോധിക്കണം. ക്ഷേമനിധി പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. അപേക്ഷ കിട്ടിയാൽ ദിവസങ്ങൾക്കകം തന്നെ തീർപ്പ് കല്പിച്ച് സഹായധനം ലഭ്യമാക്കാൻ കഴിയണം. കാലതാമസമുണ്ടാവാതെ നോക്കണം.

എല്ലാ വിഭാഗം തൊഴിലാളികൾക്കും ക്ഷേമനിധിയും പെൻഷൻ ആനുകൂല്യവും ലഭ്യമാക്കുകയാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നയം. ഇക്കാര്യത്തിൽ ഇതിനകം തന്നെ രാജ്യത്തിനാകെ മാതൃക കാട്ടാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നശേഷം ലക്ഷക്കണക്കിനു തൊഴിലാളികളെ പുതുതായി ക്ഷേമനിധികളുടെ പരിധിയിൽ കൊണ്ടു വരാൻ കഴിഞ്ഞു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സേവന വേതന വ്യവസ്ഥകളോ ജോലി സ്ഥിരതയോ അംഗീകൃത അവധികളോ ഇല്ലാത്ത അവസ്ഥയായിരുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കാൻ സമഗ്രമായ ഒരു നിയമം എൽ.ഡി.എഫ്. ഗവൺമെന്റ് അടിയന്തിര പ്രാധാന്യത്തോടെ കൊണ്ടു വന്നു. പത്ത് ലക്ഷത്തോളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന ആ നിയമം പ്രാബല്യത്തിലായിക്കഴിഞ്ഞു. പ്രസവാനുകൂല്യമായി മൂന്നുമാസത്തെ ശമ്പളത്തിനു തുല്യമായ തുക നൽകുന്ന തടക്കമുള്ള മെച്ചപ്പെട്ട ആനുകൂല്യങ്ങളാണ് ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ചെറുകിട തോട്ടം തൊഴിലാളികൾക്ക് ക്ഷേമനിധി നിയമം കൊണ്ടു വന്നു. ക്ഷീരകൃഷിക്കാർക്ക് പെൻഷനും ക്ഷേമനിധിയും കൊണ്ടു വന്നു.

ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വിവിധ ക്ഷേമപെൻഷനുകൾ രണ്ടരക്കൊല്ലത്തോളമായി കുടിശ്ശികയായിരുന്നു. നൂറും നൂറ്റിപ്പത്തും രൂപ മാത്രമായിരുന്നു പെൻഷൻ. അതുതന്നെ രണ്ടരക്കൊല്ലത്തോളം കൊടുക്കാതെ വെക്കുക. അതാണ് മുൻകാലത്ത് സംഭവിച്ചത്. എന്നാൽ മുഴുവൻ കുടിശ്ശികയും കൊടുത്തു തീർക്കുകയും എല്ലാ ക്ഷേമപെൻഷനുകളും ഇരുന്നൂറ് രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. അതോടൊപ്പം സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നതിനു തുടക്കം കുറിച്ചിരിക്കുന്നു.

എല്ലാ വിഭാഗം ജനങ്ങൾക്കും ആശ്വാസമെത്തിക്കുക, ദുരിതങ്ങളിൽനിന്നും മോചിപ്പിക്കാൻ ശ്രമിക്കുക എന്നതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ആദ്യ പരിഗണന. തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചത് അതിൽ ഒരു കാൽവെയ്പ്പാണ്. ആനുകൂല്യങ്ങൾ കൂടുതൽ പേർക്ക് നൽകാനും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും സർക്കാർ പരമാവധി ശ്രമിക്കുമെന്ന് അറിയിച്ചുകൊണ്ട് നിർത്തുന്നു.

നന്ദി, നമസ്ക്കാരം...